
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION [KITE]

Certificate of Registration

REGISTRATION No. LK/2018/13104

This is to certify and grant approval to

13104 - Govt.Higher Secondary School Peringome, Thaliparamba (DEO)

of Kannur District as a unit of LITTLE KITEs.

Office Seal

ANWAR SADATH. K
Vice Chairman & Executive Director

# ലിററിൽ കൈററ്സ് 2018-19

## ഇ- മാഗസിൻ

# iMaGiNaTiOn

**പെരിങ്ങോം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ,പെരിങ്ങോം. പെരിങ്ങോം പി.ഒ., കണ്ണൂർ ജില്ല,670353**



**School Code :13104**
**Kite Registration No :LK/2018/13104**

# പത്രാധിപ സമിതി

**ചീഫ് എഡിററർ :സുഗതൻ.പി.പി.**

**സ്ററാഫ് എഡിററർ :സതീശൻ.പി**

**സ്ററുഡൻറ് എഡിററർ :ഹാജറ നസ്റത്ത്**

**<u>അംഗങ്ങൾ</u>**

1. ഫാത്തിമ.ടി.കെ
2. ആമിന.എ.ജി.
3. റിസ്വാൻ സുബീർ
4. അതുല്യ.യു

## മുഖവുര

**പെരിങ്ങോം സ്കൂൾ ലിററിൽ കൈററ് ക്ളബ്ബിന്റെ ആദ്യ സംരംഭമാണിത്.**

**വേണ്ടത്ര തയ്യാറെടുപ്പുകളില്ലാതെ തയ്യാറാക്കിയത്....**

**മലയാളം ടൈപ്പിങ്ങിലുള്ള ഒരു പരിശീലനം മാത്രം.**

**സമയക്കുറവ്,അക്കാഡമിക് പ്രവർത്തനങ്ങളുടെ ബാഹുല്യം,മുന്നൊരുക്കമില്ലായ്മ..**

**അടുത്ത വർഷമാകട്ടെ,എല്ലാം ശരിയാക്കാം..**


**– പത്രാധിപർ**

**താളുകളിലൂടെ...**

# Table of Contents

അമ്മയുടെ വാത്സല്ല്യവും മകന്റെ സ്നേഹവും....4
കുഞ്ഞു മുയൽ....5
സ്ഥലനാമ ചരിത്രം....5
പെരിങ്ങോം -സ്കൂൾ ചരിത്രം....6
ചിത്ര വിശേഷം....7
ചന്ദ്രൻ....8
ബഹിരാകാശ ക്വിസ് ....9
അമ്പിളി അമ്മാവൻ....10
അമ്മുവിന്റെ അമ്മിണിക്കുട്ടൻ....10
ചന്ദ്ര ഗ്രഹണം....11
പൂന്തോട്ടം....12
സഹായത്തിന് ലഭിച്ച സമ്മാനം....13
ജൂലൈ 21....15
കാക്കയ്ക്കു പറ്റിയ അമളി....15
സ്നേഹനിധികളായ കൂട്ടുകാർ....16
കുറുക്കനും ഒട്ടകവും....16
അമ്മ നേടിക്കൊടുത്ത സമ്മാനങ്ങൾ....17

# അമ്മയുടെ വാത്സല്ല്യവും മകന്റെ സ്നേഹവും



പണ്ട് ഒരിടത്ത് ഒരമ്മയും മകനും ഉണ്ടായിരുന്നു . അമ്മ മകനെ വളരെ കഷ്ടപ്പെട്ടാണ് വളർത്തുന്നത്. മകൻ രാവിലെ സ്കൂളിലേക്കും അമ്മ പണിക്കും പോകുകയായിരുന്നു. അമ്മയ്ക്ക് മകനും, മകന്ന് അമ്മയും മാത്രമേ ഉണ്ടായിരുന്നുള്ളൂ.രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ മകന് നല്ല നല്ല കഥകൾ പറഞ്ഞു കൊടുക്കുമായിരുന്നു. പിറ്റേന്ന് രാവിലെ മകൻ സ്കൂളിലേക്കും അമ്മ പട്ടണത്തിൽ പണിക്കും പോയി .

പണി കഴിഞ്ഞ് അമ്മ വൈകുന്നേരം വീട്ടിലെത്തി. മകൻ സ്കൂളിൽ നിന്ന് വരേണ്ട സമയം കഴിഞ്ഞു. എന്നിട്ടും അവൻ വീട്ടിൽ തിരിച്ചെത്തിയില്ല.വളരെ അധികം വിഷമിച്ച അമ്മ അവനെ അന്വേഷിച്ചുവെങ്കിലും മകനെ കണ്ടില്ല . അമ്മ അവന്റെ കൂട്ടുകാരന്റെ വീട്ടിലും അന്വേഷിച്ച ശേഷമാണ് അവൻ കൂട്ടുകാരന്റെ കൂടെ അമ്പലത്തിൽ പോയെന്നറിയുന്നത് . ഉടൻ അമ്മ അമ്പലത്തിലേക്കു പുറപ്പെട്ടു . അമ്മ പ്രതീക്ഷിച്ചില്ല തന്റെ മകനെ തിരിച്ചുകിട്ടുമെന്ന് .

അമ്മ അമ്പലത്തിന്നരികിലെത്തി അവൻ ദൂരെ നിന്ന് തന്റെ അമ്മയെ തിരിച്ചറിഞ്ഞു .അവൻ ഓടിച്ചെന്നു അമ്മയുടെ അരികെയെത്തിയതും അമ്മ മകനെ വാരിപ്പുണർന്ന് പൊട്ടി കരയുകയും ചെയ്തു . അമ്മ അവന്റെ നെറുകയിൽ കണ്ണീർ പൊഴിച്ചു. അവൻ അമ്മയുടെ മുഖത്തേക്കു നോക്കി അമ്മയുടെ മുഖത്തേക്കു നോക്കി . രാത്രിയിൽ പുഞ്ചിരി തൂകുന്ന ചന്ദ്രനെപ്പോലെ.

അമ്മയ്ക്ക് മകനേയും മകന് അമ്മയേയും തിരിച്ചു കിട്ടിയപ്പോൾ വളരേയേറെ സന്തോഷമായി. ഇരുവരും വീട്ടിലെത്തി സന്തോഷത്തോടെ കഴിഞ്ഞു.

അഞ്ജലി .പി ( 6 ബി)

# **കുഞ്ഞു മുയൽ**



ഒരു ദിവസം കുട്ടു എന്നു പേരുള്ള ഒരു കുഞ്ഞു മുയൽക്കുട്ടൻ തുള്ളി ത്തുള്ളിവരുമ്പോൾ അപ്പുറത്ത് ഒരു ക്യാരറ്റ് തോട്ടം കണ്ടു .കുട്ടു അവിടേക്ക് പോയി . അപ്പോൾ വേറൊരു മുയൽക്കുട്ടൻ തുള്ളിത്തുള്ളി വരുന്നു. കുട്ടു അവനോട് ചോദിച്ചു :നിന്റെ പേരെന്താ? "മിക്കു" എന്നവൻപറഞ്ഞു ."നിന്റെ പേരെന്താ?"മിക്കു ചോദിച്ചു. "എന്റെ പേര് കുട്ടു. നിന്റെ കൂടെ ആരെങ്കിലും ഉണ്ടോ.?"കുട്ടു ചോദിച്ചു."ആരുമില്ല" മിക്കു മറുപടി പറഞ്ഞു ."മിക്കു,നീ എന്റെ കൂടെപ്പോരുന്നോ"? ആ ചോദ്യം കേട്ടു മിക്കുവിന് സന്തോഷമായി .അങ്ങനെ അവർ രണ്ടും കൂട്ടുകാരായി .



അനുശ്രീ(4)

# **സ്ഥലനാമ ചരിത്രം**

**പെരിങ്ങോം എന്ന ഗ്രാമം ഒരു വലിയ കുന്നും അതിനെ ചുഴ്ന്ന നിൽക്കുന്ന ഒട്ടേറെ വൈവിധ്യമാർന്ന സ്ഥലങ്ങളും ചേർന്നതാണ് .പെരുങ്കുന്നിനോടു ചേർന്ന് കിടക്കുന്ന സ്ഥലം .ഇന്ന് പോലീസ് സ്റ്റേഷൻ നിലനിൽക്കുന്ന സ്ഥലം ,മുൻപ് ഇല്യമ്പാടി എന്നാണ് അറിയപ്പെട്ടിരുന്നത്.**

**യാദവ സമുദായത്തിന് പ്രാബല്യമുള്ള പ്രദേശം.ഇല്യമ്പാടിക്ക് പടിഞ്ഞാറ് പള്ളം,കുമ്പളം**




**നട്ട പാറ,പള്ളത്തിന്റെ തെക്കു ഭാഗത്തായി ഒഴുകുന്ന അരുവി-ചിരുകണ്ടഞ്ചാൽ -ചിരുകണ്ടൻ കുന്ന് .വടക്ക് കൊരങ്ങാട് വരെ പൂപ്പന്തൻ പൊയിൽ .**

**ഈ കൊച്ചു കൊച്ചു സ്ഥല നാമങ്ങൾക്കു മീതെ "പെരുങ്കുന്നോം " നില നിന്നു. പെരുങ്കുന്നോം പെരിങ്ങോം ആയി രൂപാന്തരപ്പെട്ടു .**

**അഞ്ജന.കെ.(10 ബി)**

# പെരിങ്ങോം -സ്കൂൾ ചരിത്രം



ബ്രിട്ടീഷ് ഇന്ത്യയിൽ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായ വടക്കേ മലയാം ജില്ലയിൽ, ചിറക്കൽ താലൂക്കിന്റെ ഭാഗമായിരുന്ന പഴയ പെരിങ്ങോം വില്ലേജ്. തവിട്ടുശ്ശേരി ,പെരുന്തട്ട,ചിലക്,കടാംകുന്ന് ,ഞെക്ലി,കരിപ്പോട് ,മീറ ,പോത്താംകണ്ടം ,കുറുവേലി തുടങ്ങിയ കാർഷിക സമൃദ്ധമായ പ്രാന്തപ്രദേശങ്ങളിൽ നിന്നും ഉയരെ, താരതമ്യേന പാറ പ്രദേശം കൂടിയതും കുഴൽപ്പാടി കുന്നിന്റെ താഴ്വരയിൽ സ്ഥിതിചെയ്യുന്നതുമാണ് പെരിങ്ങോം വില്ലേജിന്റെ ആസ്ഥാനം .


ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് നൂറ്റാണ്ടുകൾ മുമ്പ് തന്നെ ജന സാന്ദ്രത കൂടിയ സ്ഥലം.ചിരപുരാതനമായ അമ്പലങ്ങളും കാവുകളും ജന്മി- നാട്ടുവാഴിത്തത്തിന്റെ അടയാളങ്ങളും ഇന്നും ശേഷിപ്പുള്ള പ്രദേശം. പെരിങ്ങോം വില്ലേജ് തന്നെ പെരിങ്ങോം,പെരുന്തട്ട എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടു.

പഴയ പെരിങ്ങോം വില്ലേജിൽ ആദ്യമായി സ്ഥാപിതമായ വിദ്യാഭ്യാസ സ്ഥാപനമാണ് പെരിങ്ങോം സ്കൂൾ.പഴയ മലബാർ പ്രദേശത്ത് വിദ്യാഭ്യാസം സർവത്രികമായത് മലബാർ ഡിസ്ട്രിക്ട്ബോർഡിന്റെ രൂപീകരണത്തോടെയാണെന്നത് ചരിത്രം .

കണ്ണൻ അധികാരിയുടെ കെട്ടിടത്തിൽ പ്രവർത്തിച്ച എലിമെന്ററി സ്കൂൾ 1952 ൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് ഏറ്റെടുത്തു.കെട്ടിടത്തിന്റെ വാടക അഞ്ച് രൂപ .കേരള സംസ്ഥാനം രൂപീകൃതമായതോടെ സ്കൂൾ സർക്കാരിന്റെ അധീനതയിലായി.പെരിങ്ങോം ഗവൺമെന്റ് എൽ പി സ്കൂൾനിലവിൽ വന്നു.

1958 ൽ ഇതു യു.പി സ്കൂളായും 1981ൽഹൈസ്കൂളായും 2007 ൽ ഹയർ സെക്കണ്ടറി സ്കൂളായും അപ്ഗ്രേഡ് ചെയ്യപ്പെട്ടു. 2014 ൽ പെരിങ്ങോം സ്കൂൾ നൂറ് വർഷം പൂർത്തിയാക്കി .ഈ വിദ്യാലയത്തിന്റെ വളർച്ചയിൽ നിരവധി വ്യക്തികളുടേയും കുടുംബങ്ങളുടെയും സംഭാവനയുണ്ട് .പരിമിതികളും പരാധീനതകളും സഹിച്ച് പ്രവർത്തിച്ച ഒട്ടേറെ അധ്യാപകരുടെ ത്യാഗപൂർണ്ണമായ സേവനമുണ്ട്.

# ചിത്ര വിശേഷം



മാളവിക.എം(10 എ)



സ്വാതി.എം.കെ(10 ബി)

# ചന്ദ്രൻ



ചന്ദ്രന്റെ ഉത്ഭവത്തെക്കുറിച്ച് നിരവധി സിദ്ധാന്തങ്ങളുണ്ട് .കൊളീഷ്യൻ  സിദ്ധാന്തം ,ക്യാപ്ചർ സിദ്ധാന്തം ,എസ്കേപ് സിദ്ധാന്തം.

## നീലച്ചന്ദ്രൻ

ഒരു മാസത്തിൽ രണ്ട് പൗർണമിയുണ്ടെങ്കിൽ രണ്ടാമത്തെ പൗർണമിയിലെ പൂർണ്ണ ചന്ദ്രനാണ് നീലചന്ദ്രൻ .



"മനുഷ്യനെ സംബന്ധിച്ചിടത്തോളം ഇതൊരു പുതിയകാൽവെപ്പാണ് .മനുഷ്യരാശിക്കോ ഒരു വൻ കുതിച്ചുചാട്ടവും."

--- നീൽആംസ്ട്രോങ്----

## ചാന്ദ്രയാനിലെ ഉപകരണങ്ങൾ

ടെറെയ്ൻ മാപ്പിങ് സ്റ്റീരിയോ ക്യാമറ,
ലൂണാർ ലേസൽ റേഞ്ചിങ് ഇൻസ്ട്രുമെന്റ് ,
ഹൈ എനർജി എക്സ്റേ സ്പെക്ട്രോമീറ്റർ ,
ഹൈപർ സ്പെക്ട്രർ ഇമേജിങ് ക്യാമറ,
മൂൺ ഇംപാക്റ്റ് പ്രോബ് .

## ചന്ദ്രനിലിറങ്ങിയ അപ്പോളോ വാഹനങ്ങൾ

| | | | |
|---|---|---|---|
| അപ്പോളോ - 11 | 1969 | ജൂലൈ | 21 |
| അപ്പോളോ - 12 | 1969 | നവംബർ | 19 |
| അപ്പോളോ - 14 | 1971 | ഫെബ്രുവരി | 5 |
| അപ്പോളോ - 15 | 1971 | ജൂലൈ | 30 |

ഉത്തര എം.വി (10 ബി)

# ബഹിരാകാശ ക്വിസ്



**1.**ഭൂമിയോട് ഏറ്റവും അടുത്തുള്ള ആകാശഗോളം ?

ചന്ദ്രൻ

**2.**ചന്ദ്രനിൽ ദൃശ്യമാകുന്ന ആകാശത്തിന്റെ നിറം ?

കറുപ്പ്

**3.**ബഹിരാകാശ സഞ്ചാരം നടത്തിയ ആദ്യ ഇന്ത്യക്കാരൻ ?

രാകേശ് ശർമ്മ

**4.**ഇന്ത്യയുടെ ആദ്യത്തെ കൃത്രിമ ഉപഗ്രഹം ഏത് ?

ആര്യഭട്ട

**5.**ഏറ്റവും കൂടുതൽ കാലം ബഹിരാകാശത്ത് കഴിഞ്ഞ ഇന്ത്യൻ വനിത ?

സുനിത വില്ല്യംസ്

**6.**സൗരയൂഥത്തിലെ ഏറ്റവും വലിയ ഗ്രഹം ?

വ്യാഴം

**7.**ഇന്ത്യയുടെ ആദ്യത്തെ വാർത്ത വിനിമയഉപഗ്രഹം ?

ആപ്പിൾ

**8.**വിദ്യാഭ്യാസ ആവശ്യാർത്ഥം ഇന്ത്യ വിക്ഷേപിച്ച ഉപഗ്രഹം ?

എഡ്യൂസാറ്റ്

**9.2014** ൽ ചൊവ്വയുടെ ഭ്രമണ പഥത്തിലെത്തിയ ഇന്ത്യൻ ഉപഗ്രഹം ?

മംഗൾയാൻ

**10.**"നീല ഗ്രഹം" എന്നറിയപ്പെടുന്ന ഗ്രഹം ?

ഭൂമി

**11.**സൗരയൂഥത്തിലെ ഏറ്റവും ചെറിയ ഗ്രഹം ?

ബുധൻ

**12.**ബഹിരാകാശത്ത് ഭൂമിയെ ചുറ്റി സഞ്ചരിച്ച ആദ്യത്തെ ജീവി ?

ലൈക്ക (നായ)

അഞ്ജന രമേശൻ (10 ബി)

# അമ്പിളി അമ്മാവൻ

അമ്പിളി അമ്മാവാ
അമ്പിളി അമ്മാവാ
മാനത്തങ്ങനെ നിൽക്കാണോ
താഴോട്ടൊന്നു വന്നാലോ ഞങ്ങൾ
കുമ്പിളിൽ ചോറ് തരാം.....

കാറ്റൊന്നു വന്നാലോ...
അമ്പിളി പാറിപ്പറക്കില്ലേ..?
വെയിലത്തു നിന്നാലോ...
മണ്ണിൽ മേരിപ്പുകയില്ലേ..?

അമ്പിളി അമ്മാവാ...
അമ്പിളി അമ്മാവാ...
മാനത്തങ്ങനെ നിൽക്കാണോ...
താഴോട്ട് വന്നാലോ ഞങ്ങൾ
കുമ്പിളിൽ ചോറ് തരാം...

ഒറ്റയ്ക്കിരിപ്പെങ്കിൽ പട്ടം
കെട്ടി ഞാൻവിട്ടയക്കാം
ഒട്ടും ഭയക്കേണ്ട ഞങ്ങൾ
നിന്നൊപ്പം കൂട്ട് കൂടാം

അമ്പിളി അമ്മാവാ......
അമ്പിളി അമ്മാവാ.....
മാനത്തങ്ങനെ നിൽക്കാണോ...?
താഴോട്ട് വന്നാലോ ഞങ്ങൾ
കുമ്പിളിചോറ് തരാം....

നല്ല മഴ വന്നാൽ
നിന്നുടെമേനി നനയില്ലേ
മിന്നല് കൊണ്ടാലോ...
നീയും പൊട്ടിത്തകരില്ലേ...?

( ഗോകുൽ.കെ.)

# അമ്മുവിന്റെ അമ്മിണിക്കുട്ടൻ



ഒരു ഗ്രാമത്തിൽ അമ്മു എന്ന് വിളിപ്പേരുള്ള ഒരു കൊച്ചു കുട്ടി താമസിച്ചിരുന്നു .
അവൾക്ക് ഒരു ആട്ടിൻകുട്ടിയുണ്ടായിരുന്നു .

അവൾ അതിനെ അമ്മിണി എന്നാണ് വിളിച്ചിരുന്നത്.

ഒരു ദിവസം അവൾ ഉറങ്ങിയെഴുന്നേൽക്കുമ്പോഴും അമ്മിണിയെ കാണുന്നില്ല .അപ്പോൾ തൊട്ടടുത്ത വീട്ടിൽ നിന്നും ഒരു കരച്ചിൽ കേട്ടു .അപ്പോഴേക്കും അതാ അവൾ അവിടെനിന്ന് വാഴയിലയും മറ്റും തിന്നുന്നു . നോക്കുമ്പോഴേക്കും അതാ വീട്ടുകാർ അതിനെ എറിയുകയായിരുന്നു .ഏറു കൊണ്ട അവളുടെ ശരീരത്തിൽ നിന്നും ചോര ഒലിക്കുന്നു.അവളോട് അവർ വളരെ അധികം ദേഷ്യപ്പെട്ടു. ഞങ്ങൾ കഷ്ടപ്പെട്ടു നട്ടുന്നതെല്ലാം ഇവൾക്ക്തി ന്നാനുള്ളതാണോ എന്ന ചോദ്യത്തിൽ അവൾ വളരെയധികം ദുഖിതയായി.ശേഷം അവൾ അവരോട് ക്ഷമാപണം തേടി അവിടെ നിന്നും യാത്രയായി.



അഫീഫ എ.ജി

# ചന്ദ്ര ഗ്രഹണം

2018 ജൂലൈ 27 ന് രാത്രി പതിനൊന്നോടു കൂടി തുടങ്ങുന്ന ഗ്രഹണം 28 ന് രാവിലെ അഞ്ചു വരെ നീളും. 27 ന് രാത്രി ആയിരിക്കും പൂർണ്ണ ചന്ദ്ര ഗ്രഹണം .ഒരു മണിക്കൂർ 42 മിനുട്ട് ഒരു ഒരു മണിക്കൂർ 57 സെക്കന്റ് നീളും.

ഇതിനെക്കാൾ ദൈർഘ്യമേറിയ ചന്ദ്ര ഗ്രഹണം2000 ജൂലൈ 16 ന് ആയിരുന്നു.

ജൂലൈയിലെ ചന്ദ്ര ഗ്രഹണ സന്ദർത്തിൽ ഭൂമി സൂര്യനിൽ നിന്നു ഏറ്റവും അകലെ ആയിരിക്കും.



**അതിനാൽഭൂമിയുടെ നിഴൽ ഏറ്റവും വീതിയുള്ളതായിരിക്കും .**

**ഈ വർഷം ജൂലൈയിൽ പൗർണമിയും ചന്ദ്രന്റെ ഭൗമോച്ചവും ഒരേ ദിവസം തന്നെ സംഭവിക്കുന്നതിനാൽ ആപേക്ഷികമായി ചന്ദ്രൻ ഏറ്റവും ചെറുതായാണ് കാണുക .**

**അതായത് ചെറിയചന്ദ്രൻ ഭൂമിയുടെ വീതിയേറിയ നിഴലിൽ കൂടി കടന്നു പോവും.അപ്പോൾ പൂർണ്ണ ഗ്രഹണ സമയം കൂടും.ചന്ദ്രൻ ഭൂമിയുടെ നിഴലുന്റെ ഒത്ത നടുക്ക് കൂടി കടന്നു പോയാൽ പൂർണ്ണ ഗ്രഹണം ഒരു മണിക്കൂർ 47 മിനുട്ട് നീളും .**



**ജൂലൈ27/28 ന് ചന്ദ്രൻ ഭൂമിയുടെ നിഴലിന്റെ ഒത്ത മധ്യത്തിന് ഇത്തിരി അകലെ കൂടിയാണ് കടന്നു പോവുക .അതിനാൽ പൂർണ്ണ ഗ്രഹണം ഒരു മണിക്കൂർ 43 മിനുട്ട് മാത്രമേ നീളൂ .എങ്കിലും 21ാം നൂറ്റാണ്ടിലെ ഏറ്റവും സുദീർഘമായ പൂർണ്ണ ചന്ദ്രഗ്രഹണമായിരിക്കും ഇത്.**

**സാന്ദ്ര സുധാകരൻ (10 ബി)**

# പൂന്തോട്ടം

**നല്ല നല്ല പൂന്തോട്ടം**
**പൂക്കൾ ഉള്ള പൂന്തോട്ടം**
**ഹായ് ഹായ് എന്തുരസം,**
**എന്റെ പൂന്തോട്ടം കാണാൻ**
**പൂമ്പാറ്റകൾ വരുന്ന തോട്ടം**
**ഹായ് ഹായ് പൂന്തോട്ടം**
**പൂന്തോട്ടം കാണാൻ എന്തുരസം**
**പൂമ്പാറ്റകൾ തേൻ കുടിക്കാൻ വരുന്ന**
**പൂന്തോട്ടം നല്ല നല്ല പൂന്തോട്ടം**

**നിലാചന്ദന.എം**

# സഹായത്തിന് ലഭിച്ച സമ്മാനം

ഒരു വീട്ടിൽ ചിന്നൻ എന്ന നായ ഉണ്ടായിരുന്നു.അവൻ യജമാനന് എന്നും കാവൽ നിൽക്കു മായിരുന്നു.അവന് യജമാനൻ നല്ല ഭക്ഷണം നൽകും പാല്,ഇറച്ചി,മീൻ എന്നിങ്ങനെ.അവിടെ ഒരു പൂച്ച ഉണ്ടായിരുന്നു.അവളുടെ പേര് മിന്നുക്കുട്ടി എന്നായിരുന്നു.അവൾക്ക് യജമാനൻ ഒന്നും കൊടുക്കില്ലായിരുന്നു.അവൾ കട്ടിട്ടാണ് വിശപ്പടക്കുന്നത്.

ഒരു ദിവസം നായ ഉറങ്ങുകയായിരുന്നു.യജമാനൻ പണിക്ക്പോയി.ഈ സമയം മഴ പെയ്യുന്നുണ്ടായിരുന്നു.പാവം പൂച്ച മഴ നനയുന്നു.നായ മഴനനയാതെ ഉറങ്ങുന്നു.കള്ളന്മാർ വീട്ടിൽ കയറി നായക്ക് വിഷം ചേർത്ത ബിസ്കറ്റ് കൊടുത്തു.നായ അതുകഴിച്ച മയങ്ങി.കള്ളന്മാർ മോഷ്ടിക്കുന്നത് കണ്ട് പൂച്ച നായയുടെ മുഖത്ത് വെള്ളം കുടഞ്ഞു.ഇങ്ങനെ കുറേപ്രാവശ്യം ചെയ്തു.അഞ്ചാമത്തെ പ്രാവശ്യം അവൻ ഉണർന്നു .അപരിചിതരെ കണ്ടു.കള്ളന്മാരെ അവൻ ഓടി പിടിച്ച കടിച്ചു.പിന്നീട് കള്ളന്മാർ ആ നാട്ടിലേക്ക് വന്നിട്ടേയില്ല .

നാട്ടുകാർ ചിന്നൻ നായയെ "ഹീറോ" എന്നു വിളിച്ചു.അവന് കുറേ ഭക്ഷണം ലഭിച്ചു . അതിൽ നിന്നു പൂച്ചയ്ക്കും അവൻ കൊടുത്തു.പിന്നീട് അവന് കിട്ടുന്നതിൽ നിന്നു പകുതിയും പൂച്ചയ്ക്ക് കൊടുക്കാൻ തുടങ്ങി.അങ്ങനെ ഇരുവരും നല്ല കൂട്ടുകാരായി.പിന്നീട് യജമാനൻ അവളെയും ഒരംഗമായി കണ്ടു.ഇതു പൂച്ചയ്ക്കു ദൈവം നൽകിയ അനുഗ്രഹമെന്ന് അവൾ വിശ്വസിച്ചു.

സനാഹ.കെ (6 B)



മാളവിക.എം(10 എ)

# അച്ഛന്റെ വാക്ക്

പണ്ട് പണ്ട് ,ഒരു ഗ്രാമത്തിൽ രണ്ട് സഹോദരന്മാർ ഉണ്ടായിരുന്നു അവർ വളരെ പാവപ്പെട്ടവരായിരുന്നു.അവരുടെ അമ്മ നേരത്തേ തന്നെ മരണപ്പെട്ടിരുന്നു. അച്ഛൻ അസുഖം ബാധിച്ച് കിടപ്പിലായിരുന്നു.

ഒരിക്കൽ അവരെ അരികെ വിളിച്ച് അച്ഛൻ പറഞ്ഞു.ഞാൻ മരണപ്പെട്ടാൽ നിങ്ങൾ എന്റെ കൃഷി നന്നായി സംരക്ഷിക്കണം.കുറച്ച് ദിവസം കഴിഞ്ഞ് അവരുടെ അച്ഛൻ മരിച്ചു. അവർ വളരെ സങ്കടപ്പെട്ടു.

കുറേ ദിവസങ്ങൾ കടന്നു പോയി. ഒരു ദിവസം അച്ഛൻ പറഞ്ഞത് അവർ ഓർത്തു.പിന്നെ ആ കൃഷിയിടത്തിൽ പോയി അവിടെ കൃഷിയിറക്കി.അവർ നന്നായി അധ്വാനിച്ചു.കുറെ ദിവസങ്ങൾ കഴിഞ്ഞു. അവരുടെ കൃഷിയിടങ്ങൾ അവർക്ക് ഒരു പാട് വിളവുകൾ നൽകി.അതുകൊണ്ട് അവർ സുഖമായി ജീവിച്ചു.

നിഹാല.എ



സ്വാതി.എം.കെ(10 ബി)

# ജൂലൈ 21

മാനത്തെ വിസ്മയമായിരുന്ന അമ്പിളി അമ്മാവനിൽ ,ആദ്യമായി മനുഷ്യർ ഇറങ്ങിയ ദിവസം . ജൂലൈ 21 ന് ചാന്ദ്രദിനമായി ആചരിക്കുന്നു. 1969 ൽ ചന്ദ്രനിലേക്ക് ആദ്യമായി സഞ്ചരിച്ച ആ ദിനത്തെ ഓർമിപ്പിക്കുകയാണിത് . "ചന്ദ്രന്റെ എല്ലാ കാലഘട്ടത്തിലും ഏറ്റവും മികച്ച സാങ്കേതിക നേട്ടമാണ്" എന്ന് നാസ പറഞ്ഞു .

1969 ജൂലൈ 20 ന് ,അപ്പോളോ 11 ൽ ആദ്യത്തെ മനുഷ്യർ,അമേരിക്കക്കാർ നീൽ ആം സ്ട്രോങ് , എഡ്വിൻ ആൾഡ്രിൻ എന്നിവർ ചന്ദ്രനിലെത്തി.ആറുമണിക്കൂറിനു ശേഷം ആംസ്ട്രോങ്ങാണ് ചന്ദ്രനിലേക്ക് കടക്കുന്നത് .ബഹിരാകാശ വാഹനത്തിന് പുറത്ത് രണ്ടുമണിക്കൂർ അദ്ദേഹം ചിലവഴിച്ച .എഡ്വിൻ ആൾഡ്രിൻ ഉടൻ തന്നെ തിരികെയെത്തി.ചന്ദ്രനിൽ അൽപ്പനേരം ചിലവഴിച്ചപ്പോൾ ,അവർ ഭൂമിയിലേക്ക് തിരിച്ച കൊണ്ട് വരാൻ 47.5 പൗണ്ട് ചാന്ദ്ര സാമഗ്രികൾ ശേഖരിച്ചു.അപ്പോളോ 11,പൈലറ്റ് ചെയ്ത മൈക്കിൾ കോളിൻസ് ആംസ്ട്രോങ്ങും ആൾഡ്രിനും തിരികെ എത്തുന്നതു വരെ മാത്രം പരിക്രമണ പഥത്തിൽ നിന്നു.

സാഹസത്തിന്റെ ആവേശത്തിൽ മുഴുകി ദശലക്ഷക്കണക്കിനു ആളുകൾ ഭൂമിയിൽ നിന്നു നോട്ടമിട്ടു .ബഹിരാകാശചരിത്രത്തിൽ ശ്രദ്ധേയമായ ഒരു നേട്ടം.

കൂടുതൽ ആഴത്തിൽ പര്യവേഷണം ചെയ്തു.തുടർന്നുള്ള മാസങ്ങളിലും ദശാബ്ദങ്ങളിലും നാസയും സോവിയറ്റ് യൂണിയനും മററു രാജ്യങ്ങളും ദൗത്യങ്ങൾ വികസിപ്പിച്ചെടുത്തു.

ഋഷികേശ് .എം.രമേശ് (10 ബി)

# കാക്കയ്ക്കു പറ്റിയ അമളി



ഒരു ദിവസം ഒരു കുറുക്കൻ വളരെ വിശന്നു വഴികളിലൂടനീളം നടക്കുകയായിരുന്നു. ഭക്ഷണമൊന്നും കിട്ടാതെ അവൻ വളരെയധികം വിഷമിച്ചിരിക്കുമ്പോഴാണ് വഴിയിൽ ഒരു അപ്പം കണ്ടത്. അവൻ കൊതിയോടെ അത് എടുക്കാൻ വേണ്ടി പോയപ്പോഴാണ് ഒരു കാക്ക അതു വഴിവന്നത് .അപ്പംകണ്ട ഉടൻഅവൻ അതെടുത്തു പറന്നു.ഇതു കണ്ട കുറുക്കന് വളരെയേറെ ദേഷ്യവും സങ്കടവും വന്നു.

അപ്പോഴാണ് കുതന്ത്രശാലിയായ കുറുക്കന് ഒരു ബുദ്ധി ഉണർന്നത്. അവൻ വേഗത്തിൽ ഓടി കാക്കയിരിക്കുന്ന മരക്കൊമ്പിന് താഴെ എത്തി.ശേഷം അവൻ കാക്കയുടെ പാട്ടിനെക്കുറിച്ച് വാഴ്ത്തിപ്പറഞ്ഞു .കാക്കേ നിന്റെ പാട്ട് എത്ര മനോഹരമാണ് .ഒന്നെനിക്ക് കേൾപ്പിച്ച തരുവോ...?എനിക്ക് നിന്റെ പാട്ട് കേൾക്കാൻ കൊതിയാവുന്നു .ഇത് കേട്ട കാക്ക, വായിലിരിക്കുന്ന അപ്പത്തിന്റെ കാര്യമോർക്കാതെ പാടാൻ തുടങ്ങി.ഈ അവസരം കാക്കയുടെ വായിലിരിക്കുന്ന അപ്പം താഴെ വീണു .കിട്ടിയ തക്കം മുതലാക്കി കുറുക്കൻ ആ അപ്പം എടുത്തു ഓടി.ഇതു കണ്ടകാക്കയ്ക്ക് വളരെയേറെ സങ്കടമായി.അങ്ങനെ കുറുക്കൻ കാക്കയോട് പകരം വീട്ടി.

അർജ്ജുൻ പ്രഭാത്

## സ്നേഹനിധികളായ കൂട്ടുകാർ



ഒരു ദിവസം ഒരു ആമ തനിച്ച് പാറയുടെ മുകളിലിരിക്കകയായിരുന്നു.ആരോരും കളിക്കാനില്ലാതെ അവൻ അവിടെ നിന്ന് വളരെയധികം വിഷമിച്ചു. അങ്ങനെയിരിക്കയാണ് ഒരു ഭംഗിയുള്ള താറാവിൻ കുഞ്ഞിനെ അവൻ കാണാനിടയായത് .അവൻ വളരെ വേഗതയിൽ അവന്റെ അടുത്തേക്ക് നീങ്ങി.എന്നാൽ ഇതു കണ്ട താറാവ് അഹങ്കാരത്തോടെ വലിയ മലയുടെ മുകളിലേക്ക് കയറി.അബദ്ധവശാൽ അവന്റെ കാൽ പെട്ടെന്ന് വഴുതിപ്പോയി.അവൻ താഴെ വീണു .ഇതു കണ്ട ആമ വളരെ ദുഖിതയായി.ശേഷം അവൻ അവന്റെടുത്തു പോയി സമാധാനിപ്പിച്ചു .അവനെ അവന്റെ അമ്മയുടെ കരങ്ങളിൽ ഏൽപ്പിച്ചു. ഇതു കണ്ട താറാവിനും അവന്റെ അമ്മയ്ക്കും വളരെ സന്തോഷമായി .അവർ ആമയോട് നന്ദി പറഞ്ഞു.അതിനു ശേഷം അവർ വളരെ നല്ല കൂട്ടുകാരായി .മാത്രമല്ല അതോടെ താറാവിൻ കുഞ്ഞ് അഹങ്കാരവും നിർത്തി.

സഫീർ അഹ്മദ്

## കുറുക്കനും ഒട്ടകവും



പണ്ട് ഒരു കാട്ടിൽ ഒട്ടകവും കുറുക്കനുമുണ്ടായിരുന്നു.ഒരു ദിവസം അവർ ഇരുവരും ഭക്ഷണം അന്വേഷിച്ചു പോയി അവർ നടന്ന് നടന്ന് ഒരു പുഴക്കരയിലെത്തി.കുറുക്കന് പുഴകടക്കാൻ പ്രയാസമായിരുന്നു.എന്നാൽ ഒട്ടകത്തിനു പുഴ കടക്കാൻ സാധിക്കുമായിരുന്നു.അപ്പോൾ കുറുക്കന് ഒരു ഉപായം തോന്നി.അവൻ പെട്ടെന്ന് കാലൊടിഞ്ഞപോലെ അഭിനയിക്കാൻ തുടങ്ങി.അപ്പോൾ ഒട്ടകം ചോദിച്ചുഎന്തുപറ്റി ചങ്ങാതീ...എന്റെ കാല് വല്ലാതെ വേദനിക്കുന്നു.ഇനി എങ്ങനെ ഞാൻ പുഴ കടക്കും.അപ്പോൾ ഒട്ടകം പറഞ്ഞു .നീ വിഷമിക്കേണ്ട ചങ്ങാതീ.നിന്നെ ഞാൻ സഹായിക്കാം.ഇതു കേട്ട കുറുക്കൻ വളരെ അധികം സന്തോഷമായി.അങ്ങനെ അവർതാമസിയാതെ അക്കര എത്തി.ഉടനെ കുറുക്കനും ഒട്ടകവും കരയ്ക്കടുത്ത് ഒരു ഞണ്ടിനെ കണ്ടു.അപ്പോൾ കുറുക്കന് ഒട്ടകത്തിനോട് പറയാതെ ഞണ്ടിനെ ആഹാരമാക്കാൻ എടുത്തുചാടി. ഇതു കണ്ട ഒട്ടകത്തിനു മനസ്സിലായി ,ഇവൻഎന്നെ പറ്റിച്ചതാണെന്ന്.ഈ തക്കം നോക്കി ഒട്ടകം കുറുക്കനെക്കൂട്ടാതെ വീട്ടിലേക്ക് മടങ്ങി.

തിരിച്ചു വന്ന കുറുക്കൻ ഒട്ടകത്തിനെ കണ്ടില്ല .എന്നാൽകുറുക്കൻ വിചാരിച്ചത് അവൻ ഭക്ഷണം തേടിപ്പോയതായിരിക്കും എന്ന്.അങ്ങനെ അവൻ ഒട്ടകത്ത പ്രതീക്ഷിച്ച് പുഴക്കരയിലിരുന്നു.നേരം വളരെ വൈകിയപ്പോൾ അവന് മനസ്സിലായി.അവൻ തന്നെക്കൂട്ടാതെ കൂടണഞ്ഞു എന്ന് . ഒടുവിൽ വളരെ നിരാശയോട് കൂടി കുറുക്കൻ അവിടെ നിന്നും മറഞ്ഞു....

സ്നേഹ എം.ബി

# അമ്മ നേടിക്കൊടുത്ത സമ്മാനങ്ങൾ

അഫ്സീറ.ഇ

ഒരു ഗ്രാമത്തിൽ വളരെ ദരിദ്രമായ ഒരു കുടുംബമുണ്ടായിരുന്നു. ആ കുടുംബത്തിൽ ഏക ആശ്രയമെന്നത് അമ്മയായിരുന്നു. അങ്ങനെയിരിക്കയാണ് ആ കുടുംബത്തിൽ അമ്മയ്ക്ക് വളരെ ഗുരുരമായ രോഗം പിടിപെട്ടത്.പിന്നീടുള്ള സകലവും ആ രണ്ട് പെൺമക്കൾക്കായിരുന്നു.അതിലൊരാളാകട്ടെ കണ്ണിനു കാഴ്ചയില്ലാത്തവരും. അമ്മയുടെ മരണം മൂലം ഇരുവരുടെയും വിദ്യാഭ്യാസം നഷ്ടപ്പെട്ടു .

അങ്ങനെയിരിക്കെ ഒരു ദിവസം അവരുടെ സ്കൂളിൽ അദ്ധ്യാപകനായ രാജൻ അവരുടെ ചുമതലയേറ്റെടുത്തു. ആയിടെ അവരുടെ അടുത്തുള്ള വിദ്യാലത്തിൽ പലവിധ കലാമത്സരങ്ങളുണ്ടീയിരുന്നു.ഇവരിൽ നിന്നും മൂത്ത വൾ ചിത്രരചനയിലും മറ്റേവൾ പാട്ടുകാരിയുമായിരുന്നു. അങ്ങനെ അവ്ർ രണ്ടുപേരും അവരുടെ അമ്മയുടെ ജീവിതാനുഭവങ്ങൾ വരച്ചും അവരുടെ കവിതകളും ആലപിച്ചു.

ഒടുവിൽ മത്സരത്തിന്റെ ഫലങ്ങൾ വന്നു . ഇരുവർക്കും ഒന്നാംറാങ്ക്.ഇതിന്റെയെല്ലാം സഹായിയായി കൂട്ടുനിന്ന ആ അദ്ധ്യാപക മനസ്സിന് അവർ ഒരായിരം നന്ദി അറിയിച്ചു.തുടർന്നുള്ള അവരുടെ ഓരോ ജീവിതത്തിന്റെയും അടിത്തറയേകിയത് ആ മാഷായിരുന്നു . പിന്നീടവർ വളരെ സുന്ദരമായി തങ്ങളുടെ ജീവിതത്തിലെ കഴിവുകളെ ഉയർത്തിപ്പിടിച്ചു.

നന്ദി..